**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.681. 28.09.2016 ന് മറുപടിയ്ക്ക്**

**മയക്കുമരുന്നിന്റെ ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ 3 വർഷം കൊണ്ട് സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള മദ്യനയം നടപ്പിലാക്കി തുടങ്ങിയ ശേഷം കഞ്ചാവ്, മയക്ക് മരുന്ന് എന്നിവയുടെ വിപണനവും ഉപയോഗവും വർദ്ധിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരിനയം നടപ്പിലാക്കിയശേഷം 2015 വർഷത്തിൽ 1430 എൻ.ഡി.പി.എസ്. കേസുകളും, 2016 ആഗസ്റ്റ് മാസം വരെ 1789 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; | (ബി) | 2011 മുതൽ 2016 (ആഗസ്റ്റ് വരെ) വരെയുള്ള വർഷങ്ങളിൽ മയക്കുമരുന്ന് ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം |
|---|---|
| 2011 | 332 |
| 2012 | 563 |
| 2013 | 793 |
| 2014 | 970 |
| 2015 | 1430 |
| 2016 (ആഗസ്റ്റ് വരെ) | 1789 |

| | | | |
|---|---|---|---|
| (സി) | മയക്കുമരുന്ന് ഉപയോഗം തടയുന്നതിനെതിരെ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച വരുന്നത് ; ഇത് ഫലപ്രദമാകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (സി) | സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കൂടാതെ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | മദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു.<br><br>മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ഇത്തരം ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും വിമുക്തമാക്കുന്നതിന് ഒരു ബോധവത്കരണ മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്കരണ പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**